വാനുള്ള കട്ട
ന്റ് ശക്തി നിറഞ്ഞതു്







ഡിറററ്ജൻറ് അലക്കുകട്ട
സോപ്പുകൊണ്ടലക്കാവുന്നതിലും 50% കൂടുതൽ തുണികൾ, കൂടുതൽ വെണ്മയായി അലക്കുന്നു
—ഏതുതരം വെള്ളത്തിലും.

# മലയാളം വിദ്വാൻ പരീക്ഷ നിറുത്തരുത്

(ഒന്നാംപേജിൽനിന്നും തുടർച്ച)

സർവ്വകലാശാല ഇനിയും ധൈര്യപ്പെടരുതു്. അറബി-ഉർദ്ദു ബിരുദങ്ങൾ നിർത്തിയാൽ ആകാശംതന്നെ ഇടിഞ്ഞു വീഴുമെന്നും അവർക്കറിയാം. പാവപ്പെട്ട മലയാളത്തോടു് എന്തുമാവാം ആരു ചോദിക്കാനിരിക്കുന്നു?

കേരളീയ സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കേണ്ടതു് കേരളത്തിലെ സർവ്വകലാശാലകളുടെ ചുമതലയാണു്. നമ്മുടെ പ്രാചീന—മദ്ധ്യകാലസാഹിത്യങ്ങളിൽ കുറെപ്പേർക്കെങ്കിലും ഇന്നു് വല്ല അവഗാഹവുമുണ്ടെങ്കിൽ അതിനു് മുഖ്യമായ ഉത്തരവാദിത്വം വഹിക്കുന്നതു് വിദ്വാൻ ബിരുദ പരീക്ഷയാകുന്നു. കേരളത്തിൽ ആയിരക്കണക്കിനു വിദ്യാർത്ഥികൾ—കൂടുതൽ വിദ്യാർത്ഥിനികൾ—ആണ്ടുതോറും ഈ പരീക്ഷയ്ക്കിരിക്കുന്നുണ്ടു്. അവരുടെ സ്റ്റാൻഡാർഡ് കുറവാണെന്നാക്ഷേപമുണ്ടാവാം. സ്റ്റാൻഡാർഡ് ഉയർത്താൻ ശ്രമിക്കുന്നതിനുപകരം കോഴ്സ് തന്നെ നിർത്തുകയല്ലല്ലോ വേണ്ടതു്.

എല്ലാ പരീക്ഷകൾക്കും പ്രൈവററായി ചേരാൻ പൊതുജനങ്ങളെ അനുവദിക്കണമെന്നു് വാദിക്കുകയും, അതിനായി സർവ്വകലാശാലകൾ ധീരമായ നടപടിയെടുക്കുകയുംചെയ്യുന്ന കാലത്താണു് ഈ ബിരുദവധമെന്നും ശ്രദ്ധിക്കേണ്ടതുണ്ടു്. വിദ്യാലയം വിട്ടശേഷവും തുടരുന്ന ഒരു വിദ്യാഭ്യാസ പരിപാടിയെന്നനിലയിൽ ഈ പരീക്ഷ നടത്തുക തന്നെ വേണമെന്നു് കോഴിക്കോടു് സർവ്വകലാശാലയുടെ വയോജന വിദ്യാഭ്യാസഫാക്കൽററിയുടെ ഡീൻ അക്കാഡമിക് കൗൺസിൽയോഗത്തിൽ വാദിക്കുകയുണ്ടായി. ഇതു്, പക്ഷേ, വനരോദനമായി കലാശിച്ചതേയുള്ളൂ.

## ബാഹ്യപരിഗണനകൾ

വിദ്യാഭ്യാസേതരങ്ങളായ പരിഗണനകൾവച്ചാണു് മലയാള വിദ്വാൻ ബിരുദത്തെ സംഹരിച്ചതെന്നുകൂടി ഊന്നിപ്പറയേണ്ടതുണ്ടു് ഈ ബിരുദം വളരെയധികം "പോപ്പുലർ" ആണു്. ബിരുദം നേടിയവർ പ്രൈമറി സെക്കണ്ടറി സ്കൂളുകളിൽ ഭാഷാദ്ധ്യാപകരായി നിയമിക്കപ്പെടുന്നു. തന്മൂലം ബി. എ. ബിരുദധാരികളുടെ ഉദ്യോഗസാദ്ധ്യത കുറയുന്നു അതിനാൽ പീററർക്കു് നന്മ ചെയ്യാൻ പോളിനെ കവരുക—ഇതാണു്, ഇത്രമാത്രമാണു്, വിദ്വാൻബിരുദം നിർത്തണമെന്ന കടുംപിടുത്തത്തിന്റെ പിന്നിൽ കാണാൻ കഴിയുന്ന ഒരേ ഒരു യുക്തിധാര.

## നശിപ്പിക്കുകയല്ല, പരിഷ്കരിക്കുക

ഇപ്പോഴത്തെ മലയാളവിദ്വാൻ സിലബസ് അപര്യാപ്തമാണെന്നാണു് എന്റെ അഭിപ്രായം. സംസ്കൃതത്തിന്റെ ഉള്ളടക്കം വർദ്ധിപ്പിക്കണം. ആധുനിക പാശ്ചാത്യവിമർശനസിദ്ധാന്തങ്ങളും സാഹിത്യത്തിന്റെ ആധുനികമുഖങ്ങളുമായി വിദ്യാർത്ഥികളെ കൂടുതൽ അടുപ്പിക്കുകയും വേണം. മുമ്പു് മദ്രാസിലുണ്ടായിരുന്നമാതിരി ദ്വിഭാഷാ വിദ്വാൻ (തമിഴ്-മലയാളം, മലയാളം-കന്നഡം, മലയാളം-ഹിന്ദി, മലയാളം-സംസ്കൃതം) കോഴ്സുകൾ ഏർപ്പെടുത്തുന്നതും അഭിലഷണീയമായിരിക്കും. കോഴിക്കോടു് സർവ്വകലാശാലയുടെ സംസ്കൃതബോർഡുകാർ നിർദ്ദേശിക്കുകയും അക്കാഡമിക് കൗൺസിൽ അംഗീകരിക്കുകയും ചെയ്തപോലെ കോഴ്സ് നാലുകൊല്ലമാക്കി വിപുലീകരിക്കുന്നതും ആശാസ്യമാണു്. അങ്ങനെ ഈ പഴയ ജനപ്രിയമായ കോഴ്സ് കൂടുതൽ ഉപയോഗപ്രദമാക്കി പരിഷ്കരിക്കുന്നതിനു പകരം അതിനെ അപ്പാടെ ധ്വംസിച്ചതു് വലിയ ഒരു കുററമായിപ്പോയി.

## എതിരായി പ്രക്ഷോഭണം സംഘടിപ്പിക്കുക

കോഴിക്കോടു് സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിലിന്റെ ഈ വിവേകരഹിതമായ പുതിയ തീരുമാനത്തിനെതിരേ ന്യായമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പ്രക്ഷോഭണം സംഘടിപ്പിക്കുവാൻ മലയാള ഭാഷാ സാഹിത്യപ്രണയികളോടും, പൊതുജനങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതു് സർവ്വകലാശാലയുടെ കടമയാണെന്നു കരുതുന്ന വിദ്യാഭ്യാസ പ്രവർത്തകരോടും ഞാൻ അഭ്യർത്ഥിക്കുന്നു. അടുത്ത അക്കാഡമിക് കൗൺസിൽയോഗംതന്നെ ഇപ്പോഴത്തെ തീരുമാനം റദ്ദു ചെയ്തു് പഴയനില പുന:സ്ഥാപിക്കുന്നതിനുള്ള അന്തരീക്ഷം അങ്ങനെ സംജാതമാകട്ടെ.

പോൾവാൾട്ടിൽ പുതിയ റിക്കാർഡു് (3 65 മീറ്റർ) സൃഷ്ടിച്ച കേരളത്തിലെ എം. എം. വർഗ്ഗീസ്.

# സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖകൾ

തിരു: ഫെബ്രു: 4—സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ രണ്ടു ശാഖകൾ കൊല്ലം ജില്ലയിലും, രണ്ടു ശാഖകൾ കോട്ടയംജില്ലയിലും ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു.

കൊല്ലം ജില്ലയിൽ കടയ്ക്കൽ ശാഖയുടെ ഉദ്ഘാടനം ഫെബ്രുവരി 9-ാംതീയതിയും നിലമേൽ ശാഖയുടെ ഉദ്ഘാടനം ഫെബ്രുവരി 10-ാംതീയതിയും കോട്ടയം ജില്ലയിൽ മണർകാടു ശാഖയുടെ ഉദ്ഘാടനം ഫെബ്രുവരി 12-ാംതീയതിയും തലയോലപ്പറമ്പു ശാഖയുടെ ഉദ്ഘാടനം ഫെബ്രുവരി 14-ാംതീയതിയും നടക്കുന്നതാണു്.

